## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 268 | 09-06-2014 ന് മറുപടിയ്ക്ക്

### മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. സി. ജോർജ്**<br>**ഡോ. എൻ. ജയരാജ്**<br>**ശ്രീ. റോഷി അഗസ്റ്റിൻ** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തണമെന്ന സുപ്രീം കോടതി വിധി നടപ്പിൽ വരുമ്പോൾ എത്ര ഹെക്ടർ വനഭൂമി വെള്ളത്തിനടി ലാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) പെരിയാർ ടൈഗർ റിസർവിലെ 568 ഹെക്ടർ വനഭൂമി മുങ്ങിപ്പോകുമെന്നാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുള്ള പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. |
| (ബി) വന സംരക്ഷണ നിയമപ്രകാരം സംരക്ഷിത വനപ്രദേശത്തിന് ഇത് എത്രത്തോളം ദോഷകരമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് 142 അടിയായി ഉയർത്തുന്ന പക്ഷം അപൂർവ്വ സസ്യ-ജന്തു ജാലങ്ങളുടെയും വന സസ്യങ്ങളുടെയും ആവാസ വ്യവസ്ഥയായ 5.68 ച.കി.മീറ്റർ (568 ഹെക്ടർ) പ്രദേശം മുങ്ങി പോകുന്നതാണ്. വന ആവാസ വ്യവസ്ഥയുടെ നിലവിലുള്ള സന്തുലിതാവസ്ഥയ്ക്കു വ്യതിയാനം ഉണ്ടാക്കുന്ന ജലനിരപ്പുയർത്തൽ കേന്ദ്ര നിയമങ്ങളായ 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റിന്റേയും 1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റിന്റേയും ലംഘനമാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കേരളത്തിന്റെ പരിധിയിലുള്ള വന്യജീവി മേഖലയ്ക്ക് ദോഷകരമായി ഭവിക്കുന്ന ഇക്കാര്യങ്ങൾ മുല്ലപ്പെരിയാർ പുന:പരിശോധനാ ഹർജിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

Ajith

സെക്ഷൻ ഓഫീസർ